**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6333** **10-07-2024 - ൽ മറുപടിയ്ക്ക്**

**താത്തൂർപോയിൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ താത്തൂർപോയിൽ കുടിവെള്ള പദ്ധതി ചെറുകിട ജലസേചന വകുപ്പിന് ഏൽപ്പിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. മാവൂർ വില്ലേജ് റീ സർവ്വേ നം.131/07, 131/09-ൽ ഉൾപ്പെട്ടതും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായതുമായ മാവൂർ ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടക്കുന്ന താത്തൂർപൊയിൽ കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ്ഹൗസ് ഉൾപ്പെട്ട 35സെന്റ് സ്ഥലം തൽസ്ഥിതിയിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതിന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മേൽ ആവശ്യത്തിലേക്കായി നിരാക്ഷേപപത്രം സഹിതം നിശ്ചിത പെർഫോർമ, സർവ്വേ സ്കെച്ച്, ബിൽഡിംഗ് പ്ലാൻ, ലാന്റ് ഡീറ്റയിൽസ്, അടങ്കൽ കോപ്പി ഉൾപ്പെടെ ജില്ലാ കളക്ടർ, കോഴിക്കോടിന് അപേക്ഷ സമർപ്പിച്ചപ്പോൾ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിയുന്നതിനുള്ള അപേക്ഷ വാട്ടർ അതോറിറ്റി നേരിട്ട് സമർപ്പിക്കേണ്ടതാണെന്നും മേൽ ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമായതിന് ശേഷം മാത്രമേ ജലസേചന വകുപ്പിൽ നിന്നും അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂവെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ആയതനുസരിച്ച് പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിലേക്ക് കൈമാറുന്നതിലേക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച്.ഡിവിഷൻ മലാപ്പറമ്പ്, ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് വില്ലേജ് റിക്കാർഡുകളിൽ നിലവിൽ ഭൂമി കേരള വാട്ടർ അതോറിറ്റിയുടെ പേരിൽ മാറ്റം വരുത്താത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ലാന്റ് ട്രാൻസ്ഫർ മുഖേനയാണോ അതോ ഭൂമി വിട്ടൊഴിയൽ വഴിയാണോ കൈമാറേണ്ടതാണെന്നുള്ളത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് വേണ്ടി ലാന്റ് റവന്യൂ കമ്മീഷണർ തിരുവനന്തപുരത്തിന് 22/06/2023-ന് ജില്ലാ കളക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം കൈമാറ്റത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഇല്ല. മാവൂർ വില്ലേജ് റീ സർവ്വേ നം.131/07,131/09-ൽ ഉൾപ്പെട്ടതും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായതുമായ മാവൂർ ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടക്കുന്ന താത്തൂർപൊയിൽ കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ്ഹൗസ് ഉൾപ്പെട്ട 35സെന്റ് സ്ഥലം തൽസ്ഥിതിയിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതിന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മേൽ ആവശ്യത്തിലേക്കായി നിരാക്ഷേപപത്രം സഹിതം നിശ്ചിത പെർഫോർമ, സർവ്വേ സ്കെച്ച്, ബിൽഡിംഗ് പ്ലാൻ, ലാന്റ് ഡീറ്റയിൽസ്, അടങ്കൽ കോപ്പി ഉൾപ്പെടെ ജില്ലാ കളക്ടർ, കോഴിക്കോടിന് അപേക്ഷ സമർപ്പിച്ചപ്പോൾ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിയുന്നതിനുള്ള അപേക്ഷ വാട്ടർ അതോറിറ്റി നേരിട്ട് സമർപ്പിക്കേണ്ടതാണെന്നും മേൽ ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമായതിന് ശേഷം മാത്രമേ ജലസേചന വകുപ്പിൽ നിന്നും അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂവെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ആയതനുസരിച്ച് പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിലേക്ക് കൈമാറുന്നതിലേക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച്.ഡിവിഷൻ മലാപ്പറമ്പ്, ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് വില്ലേജ് റിക്കാർഡുകളിൽ നിലവിൽ ഭൂമി കേരള വാട്ടർ അതോറിറ്റിയുടെ പേരിൽ മാറ്റം വരുത്താത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ലാന്റ് ട്രാൻസ്ഫർ മുഖേനയാണോ അതോ ഭൂമി വിട്ടൊഴിയൽ വഴിയാണോ കൈമാറേണ്ടതാണെന്നുള്ളത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് വേണ്ടി ലാന്റ് റവന്യൂ കമ്മീഷണർ തിരുവനന്തപുരത്തിന് 22/06/2023-ന് ജില്ലാ കളക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ഏത് രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പദ്ധതിയുടെ ഭൂമി റവന്യൂ വകുപ്പിൽ നിന്നും ജലസേചന വകുപ്പ് ഏറ്റെടുക്കുകയും തുടർന്ന് പമ്പ് ഹൗസിൽ നിന്നും കൃഷി ഭൂമിയിലേക്ക് ജല വിതരണം നടത്തുന്ന ഭാഗത്തുള്ള ഭൂമി, നിലവിലുള്ള പമ്പ് ഹൗസും കിണറും ലഭ്യമാവുകയും ചെയ്താൽ ജലസേചനത്തിന് വേണ്ടി നിലവിലുള്ള പമ്പ് ഹൗസും കിണറും ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ